(സി) ചികിത്സാ ചെലവ് തിരിച്ചുകിട്ടുന്നതിന് ക്ലെയിം നൽകുന്ന ജീവനക്കാരൻ അതിനോടൊപ്പം ചികിത്സ തുടരുന്നതായി സൂചിപ്പിച്ച് ഒപ്പിട്ടുകൊടുക്കുന്ന സംഗതിയിൽ ചികിത്സയ്ക്കുവേണ്ടി പരിശോധന നടത്തിയതു സംബന്ധിച്ച ബില്ലിന്റെ തീയതി നോക്കി ക്ലെയിം കാലാവധി കഴിഞ്ഞതാണെന്ന് തീരുമാനിക്കുന്നത് ക്രമാനുസൃതമാണോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) ഗവൺമെന്റ് സർക്കുലർ നം. 8522/ജി.2/95/ആ.കു.വ. തീയതി: 25.9.95 പ്രകാരം രോഗചികിത്സയ്ക്ക് വേണ്ടി അവസാനമായി മരുന്ന് വാങ്ങിയ ബില്ലിന്റെ തീയതി മുതലോ അല്ലെങ്കിൽ പരിശോധിച്ച ഡോക്ടർ (എ.എം.എ.) എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് ഒപ്പിട്ട തീയതി മുതൽ മൂന്നുമാസത്തിനകത്തോ ഏതാണ് അവസാനം വരുന്നത് അന്നുമുതൽ മൂന്നുമാസത്തിനകം ആണ് ക്ലെയിം നൽകേണ്ടത്. ചികിത്സ അവിരാമം തുടരുന്ന കേസ്സുകളിൽ ഒരു മാസത്തിൽ കുറയാത്ത കാലയളവിലേക്കുള്ള ബില്ലുകൾ-ഭാഗികമായി ക്ലെയിം ചെയ്യാവുന്നതാണ്.

മെഡിക്കൽ പി.ജി. അഡ്മിഷൻ

95 (144) <u>ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം മെഡിസിന്റെ പി.ജി. കോഴ്സിലേയ്ക്കുള്ള അഡ്മിഷൻ ഇതേവരെ നടത്തിയിട്ടില്ലാത്തതുകാരണം മെഡിക്കൽ കോളേജിൽ ഇത്തരം ഡോക്ടർമാരുടെ അഭാവം മൂലമുള്ള ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മെഡിസിൻ പി.ജി. യുടെ എൻട്രൻസ് റിസൽട്ട് പ്രസിദ്ധപ്പെടുത്തി മാസങ്ങൾ കഴിഞ്ഞിട്ടും പി.ജി. കോഴ്സിലേയ്ക്കുള്ള അഡ്മിഷൻ നടത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പി.ജി. കോഴ്സിലേയ്ക്കുള്ള അഡ്മിഷൻ തുടങ്ങുവാൻ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) പഠനത്തിന്റെ ഭാഗമായാണ് പി.ജി. വിദ്യാർത്ഥികൾ രോഗികളെ പരിശോധിക്കുന്നത്. എന്നിരിക്കിലും ഇതുമൂലം പരിമിതമായെങ്കിലും ബുദ്ധിമുട്ടുകളുണ്ടാകും.

(ബി)&(സി) 1999-ലെ മെഡിക്കൽ പി.ജി. പ്രവേശന പരീക്ഷാ റിസൽട്ട് 25.10.1999-ന് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. കോടതിയിൽ നിന്നും താൽക്കാലിക അനുമതി വാങ്ങി പരീക്ഷയെഴുതിയ കുട്ടികളുടെ പരീക്ഷാഫലം തടഞ്ഞുവെച്ചിരിക്കുകയാണ്. അവ സംബന്ധിച്ച് കേസ്സുകളിൽ തീർപ്പായി റാങ്ക്ലിസ്റ്റ് പൂർണ്ണമായി പ്രസിദ്ധീകരിച്ചശേഷം മാത്രമേ അഡ്മിഷൻ നടത്തുവാൻ നിർവ്വാഹമുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly